# ടി.ബി.ജി.ആർ.ഐ.

തിരുവനന്തപുരം

26-11-2009.

ബൊട്ടാണിക്കൽ ഗാർഡനുകൾക്ക് ജനജീവിതവുമായി അഭേദ്യബന്ധ മുണ്ട്. കേരളത്തിന്റെ പൊതു സമ്പത്തായ വനം, തണ്ണീർത്തടങ്ങൾ, നാടൻ വിത്തുകൾ, മറ്റു നാടൻ ജനുസ്സുകൾ ഇവയൊക്കെ സംരക്ഷി ക്കാനും നിലനിർത്താനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ടി.ബി.ജി.ആർ.ഐ. ഇങ്ങനെയൊരു ദേശീയ സെമിനാർ നടത്തുന്നത്. ഏതൊരു ബൊട്ടാണിക്കൽ ഗാർഡന്റെയും പ്രാഥമിക ലക്ഷ്യം ഓരോ പ്രദേശത്തെയും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളെ സംരക്ഷിക്കുക എന്നതാണ്. സംസ്ഥാനത്തെ ഒന്നാമത്തെ ബൊട്ടാണിക്കൽ ഗാർഡനാണ് പാലോട് ഗാർഡൻ. രണ്ടാമത്തേതായ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ കോഴിക്കോട്ട് പ്രവർത്തിക്കുന്നു.

വനസംരക്ഷണത്തെക്കുറിച്ചും വംശനാശഭീഷണി നേരിടുന്ന സസ്യ-ജന്തു ജാലങ്ങളെക്കുറിച്ചും വിലപിച്ചതുകൊണ്ടു കാര്യമില്ല. സുദൃഢ മായ തീരുമാനങ്ങളെടുത്ത് ഈ തലമുറയുടെയും വരും തലമുറയു ടെയും സ്വത്തായ ഈ പ്രകൃതിയും ജൈവസമ്പത്തും സംരക്ഷിക്കേണ്ടതുണ്ട്. അതിനുള്ള നിരവധി പ്രവർത്തനങ്ങൾ സർക്കാർ ഇതിനകം ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും ജൈവ വൈവിദ്ധ്യ സമ്പുഷ്ടമായ സഹ്യസാനുക്കളിൽ കാണുന്ന സസ്യജനുസ്സുകളിൽ മൂന്നിലൊന്ന് ലോകത്ത് മറ്റെവിടെയും കാണാത്തവയാണ്. ഇന്ത്യൻ ഭരണഘടന 48-ാം വകുപ്പ് പ്രകാരം രാജ്യത്തെ പുഴയും കാടും വന്യമൃഗങ്ങളും പ്രകൃതിസമ്പത്തും പരിസ്ഥിതിയും പൊതുമുതലായി സംരക്ഷിക്കാ നുള്ള ബാദ്ധ്യത ഭരണകൂടത്തിനാണ്. മുൻകാല ഭരണകൂടങ്ങൾ ഈ

തത്വം മറന്ന് സമൂഹത്തോടുള്ള പ്രതിബദ്ധത നിറവേറ്റാൻ വിട്ടുപോയതിനാൽ, ഇപ്പോൾ കൂട്ടുപലിശ സഹിതം ആ ബാദ്ധ്യത ഈ സർക്കാരിന് ഏറ്റെടുക്കേണ്ടി വന്നു. അതിനാലാണ് മൂന്നാറിലും മറ്റും അല്പം കടുത്തതും സാഹസികവുമായ നടപടിയിലേക്ക് നീങ്ങേണ്ടി വന്നത്.

അതുപോലെത്തന്നെ സൈലന്റ്‌വാലിയുമായി ബന്ധപ്പെട്ട് ഒട്ടേറെ വിവാദങ്ങളും സംശയങ്ങളും ഉയർന്നു വന്നത് നിങ്ങൾ ഓർക്കുന്നുണ്ടാവും. നമ്മുടെ രാജ്യത്തെ ഉഷ്ണമേഖലാ നിത്യഹരിത മഴക്കാടുകളിൽ അവശേഷിക്കുന്ന ഏറ്റവും വലിയ വനമാണ് സൈലന്റ്‌വാലി. ശാന്തതയുടെ ഈ തീരത്തിന് കരുത്തുറ്റ ഒരു സംരക്ഷണവലയം തീർക്കാൻ സൈലന്റ്‌വാലി ബഫർസോൺ പ്രഖ്യാപനത്തിലൂടെ നമുക്കു കഴിഞ്ഞു. സൈലന്റ്‌വാലി ദേശീയ പാർക്കായി പ്രഖ്യാപിച്ചതിന്റെ രജതജൂബിലി വേളയിലാണ് ബൊട്ടാണിക്കൽ ഗാർഡനുകളും ജനങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടക്കുന്നതെന്നത് ശ്രദ്ധേയമാണ്. ജനങ്ങളുടെ ശക്തമായ നിലപാടു കാരണമാണ് സൈലന്റ്‌വാലി സംരക്ഷിക്കപ്പെട്ടത്.

കേരളത്തിലെ പാടങ്ങൾ നികത്തപ്പെടുന്നു. ഇടനാടൻ കുന്നുകൾ അപ്രത്യക്ഷമാകുന്നു. ഇടനാടൻ കുന്നുകൾ അപ്രത്യക്ഷമാകുന്നതോടെ അവിടെ നിലനിന്നിരുന്ന ജൈവജനുസ്സുകളും അപ്രത്യക്ഷമാവുകയാണ്. ഇടനാടൻ കുന്നുകളുടെ സംരക്ഷണത്തിന് ശക്തമായ നടപടികളെടുക്കും. വയലുകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണത്തിന് നിയമം പ്രാബല്യത്തിൽ വരാൻ പോവുകയാണ്. നിയമംകൊണ്ടുമാത്രം പ്രകൃതിയെയും സസ്യജാലങ്ങളെയും സംരക്ഷിക്കാനാവില്ല. ജനകീയ ബോധവൽക്കരണമാണ് പ്രധാനം. ഇത്തരം സെമിനാറുകൾ അതിന് സഹായകമാകുമെന്ന് പ്രത്യാശിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്കാരം.